**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1165** | **04-07-2022 - ൽ മറുപടിയ്ക്ക്**

**ചെടിലക്കടവ് പാലം നിർമ്മാണത്തിലെ കരാറുകാരന്റെ അനാസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ തൂണേരി-ചെക്ക്യാട് ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചെടിലക്കടവ് പാലം നിർമ്മാണത്തിലെ കരാറുകാരന്റെ അനാസ്ഥ കാരണം കരാറുകാരനെ ഒഴിവാക്കുന്ന കാര്യത്തിൽ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (എ) | ചെടിലക്കടവ് പാലം നിർമ്മാണത്തിന് സൈറ്റിൽ ആവശ്യമായി വന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി അംഗീകരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം സപ്ലിമെന്റ് എഗ്രിമെന്റ് വെയ്ക്കാൻ കരാറുകാരനോട് ആവശ്യപ്പെട്ടെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റിൽ അംഗീകരിച്ച നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരൻ തയ്യാറായില്ല. തുടർന്ന് പ്രവൃത്തിയിൽ നിന്നും നഷ്ടോത്തരവാദിത്തം ഇല്ലാതെ ഒഴിവാക്കുകയോ 2014 ഡി.എസ്. ഒ.ആർ. -ൽ നിന്നും 50% നിരക്കുവർദ്ധന അനുവദിക്കുകയോ ചെയ്യാൻ ആവശ്യപ്പെട്ട് കരാറുകാരൻ ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ബഹു. കേരള ഹൈക്കോടതിയുടെ 18/01/2022-ലെ വിധിയിൽ കരാറുകാരനെ ഹിയറിംഗ് നടത്തി തീരുമാനം എടുക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയറോട് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 25/01/2022 തീയതിയിലും കരാറുകാരന്റെ ആവശ്യ പ്രകാരം 31/01/2022 തീയതിയിലും ഹിയറിംഗ് നടത്തി. ഹിയറിങ്ങിന്റെ അടിസ്ഥാനത്തിൽ കരാറുകാരന്റേതല്ലാത്ത കാരണത്താൽ ചെയ്യാൻ സാധിക്കാതിരുന്ന ഇനങ്ങൾക്ക് കരാറുകാരന്റെ നഷ്ടോത്തരവാദിത്തം ഇല്ലാതെയും അല്ലാത്ത ഇനങ്ങൾക്ക് കരാറുകാരന് നഷ്ടോത്തരവാദിത്തത്തോടെ യും പ്രവൃത്തി പുനക്രമീകരിക്കുന്നതിനുള്ള അനുമതിക്കായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ 25/03/2022-ന് സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |
| (ബി) | കരാറുകാരനെ ഒഴിവാക്കി ടെണ്ടറിൽ രണ്ടാം സ്ഥാനത്ത് വന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് പ്രസ്തുത പ്രവൃത്തി നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | (എ) പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ